**ഭരണഭാഷ - മാതൃഭാഷ**

**അടിയന്തിരം**

ജെ 2/30820/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 08/05/2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാരുടെയും, സർക്കാർ കോളേജിലെയും എയ്ഡഡ് കോളേജിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെയും ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരുടെയും MEDISEP - സംബന്ധിച്ച്.

സൂചന:- 1) സർക്കുലർ നമ്പർ 73/18/ധന. തീയതി 07/08/2018.

2) സർക്കുലർ നമ്പർ 41/19/ധന. തീയതി 06/05/2019.

*******

സൂചന സർക്കാർ ഉത്തരവ് പ്രകാരം MEDISEP നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിന് കീഴിലുള്ള എല്ലാ ജീവനക്കാരും വ്യക്തിപരമായി താഴെ പറയുന്ന കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്.

1) www.medisep.kerala.gov.in. എന്ന വെബ്സൈറ്റിൽ status എടുത്ത് category-employee എന്നും PEN No. (അക്കങ്ങൾ മാത്രം) Date of Birth (--/--/----) എന്നിവ നൽകി search നടത്തി പേരും dependant -ന്റെ പേരുകളും ശരിയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) Know your status check ചെയ്യുമ്പോൾ contact your nodal officer എന്ന് സന്ദേശം കണ്ടാലോ, MEDISEP -ൽ ശരിയായ വിവരം അല്ലാത്ത പക്ഷവും താഴെപറയുന്ന രീതിയിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

a) **സർക്കാർ കോളേജിലെ അദ്ധ്യാപകരും അനദ്ധ്യാപകരും ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരും** തങ്ങളുടെ ഡി.ഡി.ഒ. മുഖേന ശരിയായ വിവരങ്ങൾ രേഖകളുടെ പകർപ്പ് സഹിതം മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെ 15/05/2019 -ന് മുമ്പ് രേഖാമൂലം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

b) **ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാർ** മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെ 10/05/2019 -ന് മുമ്പ് രേഖാമൂലം അക്കൗണ്ട്സ് സെക്ഷനിൽ അറിയിക്കണം.

GOVERNMENT OF KERALA

3) എയ്ഡഡ് കോളേജിലെ അദ്ധ്യാപകരും അനദ്ധ്യാപകരും തങ്ങളുടെ ഡി.ഡി.ഒ. മുഖേന, അതാത് ഡെപ്യൂട്ടി ഡയറക്ടർക്ക് ശരിയായ വിവരങ്ങൾ മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെ നൽകേണ്ടതും, ആയത് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ 18/05/2019 -ന് റിപ്പോർട്ടായി (ബന്ധപ്പെട്ട വിവരങ്ങൾ CD യിലാക്കിയത് ഉൾപ്പെടെ) ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ MEDISEP സംബന്ധിച്ച കാര്യങ്ങൾ ആസ്ഥാന കാര്യാലയത്തിലേക്ക് നേരിട്ട് സ്വീകരിക്കുകയില്ല.

പുതിയതായി MEDISEP -ൽ അപേക്ഷ നൽകേണ്ട ജീവനക്കാർ 10/05/2019 -ന് മുമ്പ് ബന്ധപ്പെട്ട ഡി.ഡി.ഒ. -യ്ക്ക് അപേക്ഷ നൽകേണ്ടതും, ആയത് ക്രോഡീകരിച്ച് excel sheet -ൽ fresh application എന്ന തലക്കെട്ടോടെ dir.colledn@kerala.gov.in. എന്ന മെയിലിൽ 13/05/2019 -ന് ഡി.ഡി.ഒ.മാർ അയയ്ക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജീവനക്കാർക്ക് MEDISEP ആനുകൂല്യം ലഭിക്കുന്നതിന് ഭാവിയിൽ ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഡി.ഡി.ഒ. മാർക്ക് മാത്രമായിരിക്കും എന്നും അറിയിക്കുന്നു.

ഒപ്പ്/-
എൻ.എസ്.മിനി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/
നോഡൽ ഓഫീസർ (ഇൻ ചാർജ്)

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും, ഹോസ്റ്റൽ വാർഡൻമാർക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ സൂപ്രണ്ടുമാർക്കും
4. സി.എ. ടു ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്
5. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

Gayathridevi. I.P
സൂപ്രണ്ട്

വൈ.റ്റി. 8/5/19

GOVERNMENT OF KERALA